## പതിമൂന്നാം കേരളനിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 456 — 20.10.2011 ൽ മറുപടിക്ക്

### അനധികൃത രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഭൂമി കൈമാറ്റം രജിസ്റ്റർ ചെയ്യുന്ന ഘട്ടത്തിൽ അതിൽ മിച്ചഭൂമി ഇല്ലെന്നുറപ്പാക്കാൻ സംവിധാനം നിലവിൽ ഉണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. ഭൂമി കൈമാറ്റം രജിസ്റ്റർ ചെയ്യുന്ന ഘട്ടത്തിൽ അതിൽ മിച്ചഭൂമി ഇല്ലെന്നുറപ്പാക്കാൻ, രജിസ്ട്രേഷന് വേണ്ടി ഹാജരാക്കുന്ന ആധാരത്തിൽ 1969-ലെ കേരള ഭൂപരിഷ്കരണ നിയമം 120-ാം വകുപ്പ്, 1970 ലെ കേരള ഭൂപരിഷ്കരണചട്ടങ്ങളിലെ ചട്ടം 145 എന്നിവ പ്രകാരം നിബന്ധന ചെയ്യപ്പെട്ടിരിക്കുന്ന വിധം ഫാറം 58-ൽ ഉള്ള സത്യപ്രഖ്യാപനം കക്ഷികൾ ഹാജരാക്കേണ്ടതാണ്. കൂടാതെ, കൈമാറുന്ന വസ്തു മിച്ച ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്ന ബന്ധപ്പെട്ട കക്ഷിയുടെ സത്യപ്രസ്താവന, രജിസ്ട്രേഷന് വേണ്ടി ഹാജരാക്കുന്ന ആധാരത്തിൽ ഉൾപ്പെടുത്തുവാൻ നിഷ്കർഷിച്ചിട്ടുമുണ്ട്. |
| (ബി) മിച്ചഭൂമി അനധികൃതമായി രജിസ്റ്റർ ചെയ്തു കൊടുക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; | (ബി) മിച്ചഭൂമി അനധികൃതമായി രജിസ്റ്റർ ചെയ്തുകൊടുക്കുന്നതായി രജിസ്ട്രേഷൻ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) അട്ടപ്പാടിയിൽ ഇത്തരത്തിലുള്ള എത്ര രജിസ്ട്രേഷനുകൾ നടന്നിട്ടുണ്ട്; | (സി) അട്ടപ്പാടിയിൽ മിച്ച ഭൂമി രജിസ്ട്രേഷൻ നടന്നതായി രജിസ്ട്രേഷൻ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) അനധികൃത രജിസ്ട്രേഷൻ നടക്കുന്നില്ലെന്നുറപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്? | (ഡി) നിലവിൽ, ആധാരങ്ങൾ രജിസ്ട്രേഷന് ഹാജരാക്കുമ്പോൾ, രജിസ്ട്രേഷൻ മാന്വൽ ഉത്തരവ് 44(iv) ൽ നിർദ്ദേശിക്കപ്പെട്ടവിധം സത്യപ്രഖ്യാപനം ഹാജരാക്കിയിട്ടുണ്ടന്ന് ഉറപ്പുവരുത്തുവാനും അതിന്റെ ഒരു പ്രതി, ബന്ധപ്പെട്ട ജില്ലാകളക്ടർക്ക് അയച്ചു കൊടുക്കുവാനും, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 15.1.2008 ലെ ആർ.ആർ.3/1421/08 നമ്പർ സർക്കുലർ മുഖേന രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കൈമാറുന്ന വസ്തു മിച്ചഭൂമിയിൽ ഉൾപ്പെട്ടതല്ലെന്ന ബന്ധപ്പെട്ട കക്ഷിയുടെ സത്യ പ്രസ്താവന, രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരത്തിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം കർശനമായി പാലിക്കുവാൻ, രജിസ്ട്രേഷൻ ഐ.ജി.യുടെ 7.2.2008 ലെ ആർ.ആർ.3/5715/06 നമ്പർ കത്ത് മുഖേന രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻഓഫീസർ